**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 371** **23-07-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ നിയോജക മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | പട്ടികജാതി വികസന വകുപ്പ് ആലപ്പുഴ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം - വരകാടി കോളനി (ആര്യാട് ബ്ലോക്ക്, മണ്ണഞ്ചേരി പഞ്ചായത്ത്) നടപ്പിലാക്കുന്ന ഒരു പദ്ധതി മാത്രമേ നിലവിലുള്ളൂ. ടി പദ്ധതി പ്രകാരം വരകാടി കോളനിയിൽ 25 വീടുകളുടെ നവീകരണം, കോൺക്രീറ്റ് റോഡ്, 37 വീടുകൾക്കുള്ള സോളാർ ലൈറ്റ് സംവിധാനം എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 10 വീടുകളുടെ നവീകരണവും 19 വീടുകൾക്കുള്ള സോളാർ ലൈറ്റും, റോഡ് നിർമ്മാണത്തിൽ കാനയുടെ ഉയരം കൂട്ടി കോൺക്രീറ്റ് ചെയ്ത് പൂർത്തിയാക്കൽ എന്നീ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് 1) പി.കെ. കാളൻ പദ്ധതി : പി.കെ. കാളൻ പദ്ധതി പ്രകാരം ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന 70 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനപുനരുദ്ധാരണ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ 18 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പുതിയ ഭവനനിർമ്മാണ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. (അനുബന്ധമായി പുരോഗതി ഉള്ളടക്കം ചെയ്യുന്നു) 2) കോർപ്പസ് ഫണ്ട് : പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തികവർഷം മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ പുതുക്കുളങ്ങര പട്ടിക വർഗ്ഗ കോളനിയിലെ 8 പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭൂമി കല്ലുകെട്ടി സംരക്ഷിക്കുന്നതിനായി 5,50,000/-രൂപ (അഞ്ചുലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 3) റ്റി.ആർ.ഡി.എം |

| | | | |
|---|---|---|---|
| | | | ഭവനനിർമ്മാണം : പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം 25 സെൻറ് ഭൂമി വാങ്ങി നൽകിയ 2 പട്ടികവർഗ്ഗക്കാർക്ക് 6,00,000/- രൂപ വീതം ഭവനനിർമ്മാണ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. (പുരോഗതി വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു). |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I
## പി.കെ.കാളൻ പദ്ധതി ഭവനപുനരുദ്ധാരണം

| ആകെ വീടുകൾ | നിലവിൽ ഭവനപുനരുദ്ധാരണ പ്രവൃത്തികൾ നടന്നുകൊ□ ിരിക്കുന്ന വീടുകളുടെ എണ്ണം | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 70 | NIL | 70 |

## അനുബന്ധം – II
## പി.കെ.കാളൻ പദ്ധതി ഭവന നിർമ്മാണം (പുതിയ വീട്)

| ആകെ വീടുകൾ | നിലവിൽ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊ□ ിരിക്കുന്ന വീടുകളുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തീകരിച്ചത് (എണ്ണം) |
|---|---|---|
| 18 | 3 | 15 |

## അനുബന്ധം – III
## TRDM ഭവന നിർമ്മാണം

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നിലവിലെ സ്റ്റേജ് | പഞ്ചായത്ത് |
|---|---|---|---|
| 1. | രേഖ ചുള്ളിക്കൽ പൊള്ളത്തൈ | completed | മാരാരിക്കുളം തെക്ക് |
| 2. | ശില്പ കുത്താമഠം, പൊള്ളത്തൈ | Roof | മാരാരിക്കുളം തെക്ക് |